**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1056    05.02.2020-ൽ മറുപടിയ്ക്ക്**

**എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, എം. സ്വരാജ്<br>,, വി. കെ. സി. മമ്മത് കോയ<br>,, വി. ജോയി | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| | |
|---|---|
| (എ) സംസ്ഥാനത്ത് ലഹരിവസ്തുക്കളുടെ ഉപയോഗം കർശനമായി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിനായി എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) എൻഫോഴ്സ്മെന്റ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്ത് മൂന്ന് മേഖലകളിലായി മൂന്ന് സ്ക്വാഡുകൾ രൂപീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. ഇതിനു പുറമേ സംസ്ഥാനതലത്തിൽ ഒരു സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. |
| (സി) ഓൺലൈൻ മയക്കുമരുന്ന് വ്യാപാരം തടയുന്നതിനായി സ്ക്വാഡ് എന്തെല്ലാം പരിശോധനകളാണ് നടത്തിവരുന്നത്; വിശദമാക്കാമോ; | (സി) ഓൺലൈൻ സംവിധാനം വഴി സംസ്ഥാനത്തെ കൊറിയർ പാർസൽ സർവ്വീസ് സ്ഥാപനങ്ങളിലൂടെ മയക്കുമരുന്ന് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൊറിയർ സർവ്വീസ് ശാഖകളിൽ എക്സൈസ് വകുപ്പ് പരിശോധന നടത്തിവരുന്നു. |
| (ഡി) ആദിവാസിഗോത്രമേഖലകളിലെ ലഹരിയുപയോഗം നിയന്ത്രിക്കുന്നതിനായി ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ | (ഡി) ഉണ്ട്. സംസ്ഥാനത്തെ ആദിവാസി, ഗോത്രമേഖലകളിൽ പ്രത്യേക ശ്രദ്ധ നൽകി വിമുക്തി മിഷൻ വഴി |

| | |
|---|---|
| പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്ത് ആദിവാസി ജനവിഭാഗങ്ങൾ കൂടുതലായുള്ള പാലക്കാട്, വയനാട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ സേവനം ഉപയോഗിച്ചു കൊണ്ട് ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. അതുവഴി ഈ വിഭാഗങ്ങളിലുള്ള പഠനം പാതിവഴിയിലുപേക്ഷിച്ച വിദ്യാർത്ഥികളെ കണ്ടെത്തി വിദ്യാലയങ്ങളിൽ തിരികെ എത്തിക്കുവാനും തദ്വാര അവർ ലഹരി ഉപയോഗത്തിലേക്കോ മറ്റ് സാമൂഹിക വിരുദ്ധ നടപടികളിലേക്കോ പോകാതെ സംരക്ഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ലഹരി മുക്ത ഗ്രാമം എന്ന പദ്ധതി പ്രകാരം ആദിവാസി ഊരുകളും ഗ്രാമങ്ങളും ദത്തെടുത്ത് തെറ്റായ പ്രവണതകളിൽ നിന്നും അകറ്റി നിർത്തുവാനും അപ്രകാരം ലഹരി മുക്ത ഗ്രാമം എന്ന ലക്ഷ്യത്തിലേക്ക് എത്തിക്കുവാനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി അട്ടപ്പാടി ജനമൈത്രി സ്ക്വാഡിന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ അഗളി ഗ്രാമപഞ്ചായത്തിലെ നെല്ലിപ്പതി, പുതൂർ ഗ്രാമപഞ്ചായത്തിലെ തച്ചമ്പടി, ഷോളയൂർ ഗ്രാമപഞ്ചായത്തിലെ ഊത്തുക്കുഴി എന്നീ ഊരുകൾ ദത്തെടുത്ത് സമഗ്രമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ